## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3954 — 11/11/2019-ൽ മറുപടിക്ക്

### ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ പേരിൽ നടക്കുന്ന തട്ടിപ്പ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ പേരിൽ നടക്കുന്ന തട്ടിപ്പ് തടയുവാൻ സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്തണമെന്ന് എ.എസ്.യു. മരുന്നുകളുടെ ഡ്രഗ്സ് കൺട്രോൾ വിഭാഗം ശിപാർശ ചെയ്തിട്ടുണ്ടോ;<br><br>ബി) എങ്കിൽ പ്രസ്തുത ശിപാർശയിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ. | എ) യും ബി) യും | ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ പേരിൽ നടക്കുന്ന തട്ടിപ്പ് തടയുവാൻ സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്തണമെന്ന് എ.എസ്.യു മരുന്നുകളുടെ ഡ്രഗ്സ് കൺട്രോൾ വിഭാഗം ശുപാർശ ചെയ്തിട്ടില്ല. എന്നാൽ മൾട്ടി ലെവൽ മാർക്കറ്റിംഗ് മുഖാന്തിരം ആയുർവേദ, സിദ്ധ യുനാനി മരുന്നുകളുടെ പേരിൽ നടക്കുന്ന തട്ടിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര ആയുഷ് വകുപ്പിനെ അറിയിച്ചിട്ടുണ്ട് |
| സി) എല്ലാ എ.എസ്.യു ചില്ലറ വില്പന കേന്ദ്രങ്ങളേയും റെഗുലേറ്ററി സംവിധാനത്തിൻ കീഴിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | സി) | എല്ലാ എ.എസ്.യു ചില്ലറ വില്പന കേന്ദ്രങ്ങളെയും റഗുലേറ്ററി സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ രജിസ്ട്രേഷൻ ഏർപ്പെടുത്തേണ്ടതുണ്ട്. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാന സർക്കാരിന് പരിമിതികൾ ഉള്ളതിനാലാണ് രജിസ്ട്രേഷൻ ഏർപ്പെടുത്തേണ്ടതായി വരുന്നത്. നിലവിൽ അംഗീകാരം നേടി ലൈസൻസ് ഉള്ള സ്ഥാപനങ്ങൾക്ക് എ.എസ്.യു ഔഷധങ്ങൾ വിൽപ്പന നടത്തുന്നതിനും വിൽപ്പനയ്ക്കു വേണ്ടി സൂക്ഷിക്കുന്നതിനും പ്രത്യേക ലൈസൻസ് നേടണമെന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലോ റൂൾസിലോ പ്രതിപാദിക്കുന്നില്ല. ചില്ലറ വിൽപ്പന കേന്ദ്രങ്ങൾക്ക് പ്രത്യേകം രജിസ്ട്രേഷൻ ഏർപ്പെടുത്തിയാൽ അവിടെ സൂക്ഷിച്ചിരിക്കുന്ന മരുന്നുകളുടെ സാധുതയും ഗുണനിലവാരവും പരിശോധിക്കാനും ഇതുവഴി പൊതുജനങ്ങൾക്ക് ഗുണനിലവാരം ഉറപ്പാക്കുന്ന മരുന്നുകൾ ലഭ്യമാകുന്നതിനും ഇടയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ